# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1010.

30-09-2016 ൽ മറുപടിയ്ക്ക്

## നെൽവർഷം

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്
,, ഷാഫി പറമ്പിൽ
,, അനിൽ അക്കര
,, എൽദോസ് കുന്നപ്പിള്ളി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചിങ്ങം ഒന്ന് മുതൽ ഒരു വർഷകാലം നെൽവർഷമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | 2017 ഓണക്കാലത്ത് കേരളത്തിലെ ജനങ്ങൾക്ക്, സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിച്ച അരി നൽകുക എന്ന ലക്ഷ്യത്തോടെ ഒരോ ജില്ലയിലും നെൽകൃഷി മേഖലയിൽ 100 പ്രവർത്തനങ്ങൾ വീതം തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ ക്ലബ്ബുകൾ, യുവജന ക്ലബ്ബുകൾ, സർക്കാരിതര സംഘടനകൾ, പഞ്ചായത്തുകൾ, അസോസിയേഷനുകൾ, വനിതാ ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, സ്വാശ്രയ സംഘങ്ങൾ മുതലായവ മുഖേന നിലവിലെ നെൽകൃഷിയിടങ്ങൾ പരിരക്ഷിക്കുന്നതിനും, വാണിജ്യപരമായും വീട്ടുകളോടനുബന്ധിച്ചും നഗരങ്ങളിലും നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി അധികോൽപ്പാദനം സാധ്യമാക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുപുറമേ കേരളത്തിൽ കൃഷി ചെയ്തുവന്നിരുന്ന വൈവിധ്യമാർന്ന നാടൻ നെല്ലിനങ്ങളെ വീണ്ടും കൃഷി ചെയ്യുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും അതുവഴി നെല്ലിന്റെ വൈവിധ്യത്തെ തിരിച്ചുകൊണ്ടുവരാനും ഉദ്ദേശിക്കുന്നു.<br>നെൽകൃഷി മേഖലയിൽ പുതിയ ഉണർവ്വ് സൃഷ്ടിച്ച് ആഭ്യന്തരമായി ഉൽപ്പാദിപ്പിച്ച അരി ഉപയോഗിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് അനുബന്ധമേഖലകളെ പ്രോൽ |

| | | | |
|---|---|---|---|
| | | | സാഹിപ്പി ക്കുന്നതിന് 2016 ഓണം മുതൽ 2017 ഓണം വരെയുള്ള കാലയളവ് നെൽവർഷമായി ആചരിക്കുവാൻ സർക്കാർ ഉത്തരവ് നമ്പർ 124/2016/കൃഷി തീയതി, 11/08/2016 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ നെൽകൃഷി ഉള്ളത്എന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) | ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം 2015-2016 വർഷം 1.94 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉള്ളത്. |
| (ഡി) | കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കർഷകർ നെൽകൃഷി ഉപേക്ഷിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; അതിനുള്ള മുഖ്യ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്.<br>തൊഴിലാളികളുടെ ലഭ്യതക്കുറവും, മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നതിനാൽ ശരിയായ സമയത്തുള്ള മഴയുടെ ലഭ്യതക്കുറവ്, വർദ്ധിച്ച കൃഷിച്ചെലവ് എന്നിവയാണ് മുഖ്യ കാരണങ്ങൾ. |
| (ഇ) | നെൽ കൃഷി ആദായകരമാക്കുവാൻ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഇ) | നെൽകൃഷി ആദായകരമാക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ആയത് ചുവടെ ചേർത്തുകൊള്ളുന്നു.<br>**1.സുസ്ഥിര നെൽകൃഷി-**<br>2016-17 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചിലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**2.വികസന ഏജൻസികൾക്കുള്ള ഫണ്ട്-**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) |

| | | | |
|---|---|---|---|
| | | | 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>**4.പാടശേഖര സമിതികളുടെ പ്രവർത്തന ചിലവിനായുള്ള പദ്ധതി-**<br>പാടശേഖര സമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.<br>**5.കരനെൽകൃഷി വികസനം-**<br>സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**6.നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**<br>നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br>**7.കാർഷിക സൗജന്യ വൈദ്യുതി പദ്ധതി (നോൺ പ്ലാൻ)-**<br>നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.<br>**8.ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**<br>ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ